# കാലിക്കറ്റ് സർവ്വകലാശാല

## സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ

## ബി. എ. മലയാളം

**IV SEMESTER - CORE COURSE**

**2014 Admn. onwards (CUCBCSS)**

### ഭാഷാശാസ്ത്രവും ഭാഷാചരിത്രവും

### Multiple Choice Questions & Answers

1. ആശയത്തെ സഞ്ചാരയോഗ്യമായ സന്ദേശചിഹ്നങ്ങളായി മാറ്റുന്ന പ്രക്രിയയാണ് ........................

(എ) പ്രേഷകം (ബി) സങ്കേതനം
(സി) വിസങ്കേതങ്ങൾ (ഡി) സ്വീകരണം

2. ആശയങ്ങളെ സന്ദേശചിഹ്നങ്ങളാക്കി മാറ്റുന്ന ഘടകത്തെ .............................. എന്നു പറയും.

(എ) പ്രേഷകം (ബി) സ്വീകരണി
(സി) സന്ദേശമാധ്യമം (ഡി) സങ്കേതനം

3. സന്ദേശചിഹ്നങ്ങളെ ആശയങ്ങളായി പരിവർത്തനം ചെയ്യുന്ന ഘടകമാണ് ..........................

(എ) പ്രേഷകം (ബി) വിസങ്കേതനം
(സി) സ്വീകരണി (ഡി) സങ്കേതനം

4. സന്ദേശചിഹ്നങ്ങളെ സ്വീകരണി ആശയങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് .........................

(എ) സങ്കേതനം (ബി) പ്രേഷകം
(സി) സ്വീകരണി (ഡി) വിസങ്കേതനം

5. ഭാഷാവ്യവസ്ഥയിലെ ഏറ്റവും താഴെയുള്ള തലമേത്?

(എ) വർണ്ണതലം (ബി) രൂപതലം
(സി) വാക്യതലം (ഡി) അർത്ഥതലം

6. ഭാഷാവ്യവസ്ഥയിലെ ഏറ്റവും മുകളിലുള്ള തലമേത്?

(എ) രൂപതലം (ബി) വർണ്ണതലം
(സി) അർത്ഥതലം (ഡി) വാക്യതലം

7. സംസ്കൃതത്തിനും ലാറ്റിൻ ഭാഷയ്ക്കും തമ്മിൽ പദ, വ്യാകരണ തലങ്ങളിൽ സാദൃശ്യമുണ്ടെന്ന് ആദ്യമായി സൂചിപ്പിച്ചത്.

(എ) കോർദോ (ബി) വില്യം ജോൺസ്
(സി) റസ്മസ് റസ്ക് (ഡി) ഫ്രാൻസ് ബോപ്പ്

8. ഭാഷാഗോത്ര സങ്കല്പത്തെക്കുറിച്ചുള്ള പഠനങ്ങൾക്ക് തുടക്കമിട്ടത് ആര്?

(എ) കോർദോ (ബി) വില്യം ജോൺസ്
(സി) റസ്മസ് റസ്ക് (ഡി) ഫ്രാൻസ് ബോപ്പ്

9. സംസാരിക്കുന്നവരുടെ എണ്ണമനുസരിച്ച് ഏറ്റവും വലിയ ഭാഷാഗോത്രം

(എ) സിനോ–റ്റിബറ്റൻ (ബി) യുറാൾ അൾറ്റെയ്ക്
(സി) ഇൻഡോ ആര്യൻ (ഡി) ഇൻഡോ യൂറോപ്യൻ

10. കെന്റം ഭാഷകൾ ഏതു ഭാഷാഗോത്രത്തിൽ പെടുന്നു?

(എ) ഇൻഡോ യൂറോപ്യൻ (ബി) ഇൻഡോ ആര്യൻ
(സി) ദ്രാവിഡം (ഡി) സീനോ ടിബറ്റൻ

11. ഇൻഡോ യൂറോപ്യൻ ഗോത്രത്തിന്റെ ഉപശാഖകളിൽ പെടാത്തത് ഏത്?

(എ) ജർമാനിക് (ബി) ഗ്രീക്ക്
(സി) ഇറ്റാലിക് (ഡി) മലയോ പോളിനേഷ്യ

12. സംസാരിക്കുന്നവരുടെ എണ്ണമനുസരിച്ച് ലോകത്തിലെ രണ്ടാമത്തെ ഭാഷാഗോത്രമേത്?

(എ) ജർമാനിക് (ബി) സീനോ–റ്റിബറ്റൻ
(സി) ഇൻഡോ ആര്യൻ (ഡി) ദ്രാവിഡം

13. സിനിറ്റിക് ഉപശാഖയിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഷ

(എ) ബർമൻ (ബി) ഭൂട്ടാൻ
(സി) റ്റിബറ്റൻ (ഡി) ചൈനീസ്

14. ദ്രാവിഡഗോത്രത്തിന് ........................ ഉപശാഖകളുണ്ട്

(എ) 2 (ബി) 3
(സി 4 (ഡി) 5

15. ഉത്തരദ്രാവിഡഗോത്രത്തിൽ പെടാത്ത ഭാഷയേത്?

(എ) കൊലാമി (ബി) ബ്രാഹുയി
(സി) കുറുഖ് (ഡി) മാൽത്തൊ

16. ദക്ഷിണദ്രാവിഡ ഗോത്രത്തിൽ പെടാത്ത ഭാഷയേത്?

(എ) തുളു (ബി) ബ്രാഹുയി
(സി) തമിഴ് (ഡി) മലയാളം

17. ദ്രാവിഡ ഗോത്രത്തിലെ പുഷ്ടഭാഷകളിൽ പെടാത്തത്.

(എ) തമിഴ് (ബി) കന്നടം
(സി) മലയാളം (ഡി) തുളു

18. ദ്രാവിഡഗോത്രത്തിൽ സംസാരിക്കുന്നവരുടെ എണ്ണമനുസരിച്ച് ഒന്നാമത്തെ ഭാഷ ഏത്?

(എ) തെലുഗു (ബി) തമിഴ്
(സി) കന്നടം (ഡി) മലയാളം

19. പൂർവ്വ–ദക്ഷിണ ദ്രാവിഡഭാഷയിൽ നിന്ന് ആദ്യം വേർപെട്ട് സ്വതന്ത്രമായ ഭാഷ

(എ) കന്നടം (ബി) തുളു
(സി) തോദ (ഡി) കൊടഗു

20. ഉത്പത്തിയെ അടിസ്ഥാനമാക്കിയുള്ള ഭാഷാവർഗ്ഗീകരണത്തിനു പറയുന്ന പേരെന്ത്?

(എ) അനുവംശിക വർഗ്ഗീകരണം (ബി) കക്ഷ്യാ വിഭജനം
(സി) ഏകകാലികം (ഡി) ബഹുകാലികം

21. കക്ഷ്യാവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ഭാഷകളെ എത്രയായി തിരിക്കുന്നു?

(എ) 2 (ബി) 3
(സി) 4 (ഡി) 5

22. വാക്യത്തിൽ വ്യാകരണധർമ്മങ്ങൾ സൂചിപ്പിക്കാൻ പ്രത്യയങ്ങൾ ഉപയോഗിക്കാത്ത കക്ഷ്യാവിഭജനം ഏത്?

(എ) സംഘടിതം (ബി) വൈകൃതം
(സി) പ്രാകൃതം (ഡി) സംശ്ലിഷ്ടം

23. പ്രകൃതിയോട് പ്രത്യയങ്ങൾ ഒന്നിനു പിറകെ മറ്റൊന്ന് എന്ന രീതിയിൽ ചേർത്ത് ദീർഘപദഘടനകൾ സൃഷ്ടിക്കുക എന്ന സ്വഭാവം പുലർത്തുന്ന ഭാഷകൾ ഏതു കക്ഷ്യയിൽ പെടുന്നു?

(എ) സംശ്ലിഷ്ടകക്ഷ്യ (ബി) വൈകൃതം
(സി) സംഘടിതം (ഡി) പ്രാകൃതം

24. ഇംഗ്ലീഷ് ഭാഷ ഏതു കക്ഷ്യയിൽ പെടുന്നു?

(എ) പ്രാകൃതം (ബി) സംശ്ലിഷ്ടം
(സി) വൈകൃതം (ഡി) സംഘടിതം

25. മലയാളം ഏതു കക്ഷ്യയിൽ ഉൾപ്പെടുന്നു?

(എ) പ്രാകൃതം (ബി) സംശ്ലിഷ്ടം
(സി) വൈകൃതം (ഡി) സംഘടിതം

26. മലയാളത്തിലെ സ്വാഭാവിക ഘടന ഏത്?

(എ) SOV (ബി) SVO
(സി) SOV (ഡി) VSO

27. ഏതെങ്കിലും ഒരു കാലഘട്ടത്തിലെ ഭാഷയെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്ന പഠനമേത്?

(എ) ബഹുകാലികം (ബി) ഏകകാലികം
(സി) താരതമ്യാത്മകം (ഡി) വ്യതിരേകാത്മകം

28. രണ്ട് ഭാഷകളിലെ വ്യാകരണവ്യവസ്ഥയിലെ സാദൃശ്യവൈസാദൃശ്യങ്ങൾ വ്യക്തമാക്കുന്ന പഠനരീതി

(എ) താരതമ്യാത്മകം (ബി) ഏകകാലികം
(സി) ബഹുകാലികം (ഡി) വ്യതിരേകാത്മകം

29. "ഒരു പ്രത്യേക വിഭാഗം ആശയവിനിമയാർത്ഥം ഉപയോഗിക്കുന്നതും ആശയവുമായി വെറും താൽക്കാലിക ബന്ധം മാത്രമുള്ളതുമായ ഉച്ചാരണ ശബ്ദങ്ങളുടെ സ്വരൂപഘടനയോടുകൂടിയ പഠിതവൃത്തിയാണ് ഭാഷ" – ഇങ്ങനെ ഭാഷയെ നിർവ്വചിച്ചത്.

(എ) കെ. ഗോദവർമ്മ (ബി) കെ. എം. പ്രഭാകരവാര്യർ
(സി) നോം ചോംസ്കി (ഡി) എഡ്വേർഡ് സപീർ

30. കേരളത്തിൽ ആദ്യകാലത്ത് ഉപയോഗിച്ചിരുന്ന ലിപി വ്യവസ്ഥയാണ്

(എ) ബ്രാഫ്മി (ബി) വട്ടെഴുത്ത്
(സി) ഖരോഷ്ഠി (ഡി) അരാമൈക്കിൽ

31. വട്ടെഴുത്തിന്റെ പ്രഭവം ഏതു ലിപിയിൽ നിന്നാണ്

(എ) ബ്രാഫ്മി (ബി) അരാമൈക്കിൽ
(സി) ഖരോഷ്ഠി (ഡി) ദക്ഷിണബ്രാഫ്മി

32. ‘നാനം മോനം’ എന്നറിയപ്പെട്ടിരുന്ന ലിപിയേത്?

(എ) ബ്രാഹ്മി (ബി) കോലെഴുത്ത്
(സി) വട്ടെഴുത്ത് (ഡി) ഖരോഷ്ഠി

33. ........................... ലിപിയുടെ പരിഷ്ക്കരിച്ച രൂപമാണ് ആധുനിക മലയാള ലിപി

(എ) ഗ്രന്ഥലിപി (ബി) വട്ടെഴുത്ത്
(സി) കോലെഴുത്ത് (ഡി) നാനംമോനം

34. ‘ഭാഷാശാസ്ത്രവിവേകം’ ആരുടെ കൃതിയാണ്?

(എ) കെ. എം. പ്രഭാകരവാരിയർ (ബി) വി. ഐ. സുബ്രഹ്മണ്യം
(സി) വി. ആർ. പ്രബോധചന്ദ്രൻനായർ (ഡി) ഡോ. പി. എം. ഗിരീഷ്

35. മാനകഭാഷ ....................... ഭാഷയ്ക്ക് ഉദാഹരണമാണ്.

(എ) ജീവൽഭാഷ (ബി) കൃത്രിമഭാഷ
(സി) സ്വാഭാവികഭാഷ(ഡി) പ്രഥമഭാഷ

36. ..................... ഭാഷയാണ് ലോകത്താകമാനമുള്ള ജനങ്ങളുടെയും പ്രഥമഭാഷ.

(എ) ഇംഗ്ലീഷ് (ബി) ജീവൽഭാഷ
(സി) മാനകഭാഷ (ഡി) മാതൃഭാഷ

37. ഇന്ത്യയുടെ ഭരണഭാഷ

(എ) ഹിന്ദി (ബി) സംസ്കൃതം
(സി) ഇംഗ്ലീഷ് (ഡി) മലയാളം

38. വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവർ തമ്മിൽ സമ്പർക്കത്തിലേർപ്പെടുമ്പോൾ ആ ഭാഷകൾ കൂടിക്കലർന്ന് സൃഷ്ടിക്കപ്പെടുന്ന ഭാഷയാണ് ....................

(എ) സങ്കരഭാഷ (ബി) മാനകഭാഷ
(സി) ദേശീയഭാഷ (ഡി) ജീവൽഭാഷ

39. ലാംഗ് – പരോൾ സങ്കല്പനത്തിന്റെ കർത്താവ്

(എ) നോം ചോംസ്കി (ബി) ഫെർഡിനാന്റ് ഡി സസ്യൂർ
(സി) ബ്ലൂം ഫീൽഡ് (ഡി) ദെറിദ

40. ദക്ഷിണേന്ത്യൻ ഭാഷകളുടെ ഗോത്രപരമായ ഐക്യത്തെക്കുറിച്ച് പഠനം നടത്തിയത്

(എ) എഫ്. ഡബ്ല്യു. എല്ലിസ് (ബി) ജൂൾസ് ബ്ലോക്ക്
(സി) കെ. വി. സുബ്ബയ്യ (ഡി) എൽ. വി. രാമസ്വാമി അയ്യർ

41. ദ്രാവിഡഭാഷകളെക്കുറിച്ച് ആദ്യമായി സമഗ്രപഠനം നടത്തിയ ഗവേഷകൻ

(എ) ജൂൾസ് ബ്ലോക്ക് (ബി) എഫ്. ഡബ്ല്യു. എല്ലിസ്
(സി) റോബർട്ട് കാൽഡ്വൽ (ഡി) എസ്. വി. ഷൺമുഖം

42. ‘ദ്രാവിഡഭാഷകളുടെ അഥവാ ദക്ഷിണേന്ത്യൻ ഭാഷകളുടെ തുലനാത്മകവ്യാകരണം’ ആരുടെ കൃതിയാണ്?

(എ) എഫ്. ഡബ്ല്യു. എല്ലിസ് (ബി) റോബർട്ട് കാൽഡ്വൽ
(സി) ജൂൾസ് ബ്ലോക്ക് (ഡി) എസ്. വി. ഷൺമുഖം

43. ഉച്ചാരണ ശബ്ദങ്ങളെപ്പറ്റിയുള്ള പഠനശാഖയാണ് .............

(എ) സ്വനവിജ്ഞാനം (ബി) അക്ഷരവിജ്ഞാനം
(സി) രൂപിമവിജ്ഞാനം (ഡി) വാക്യഘടനാവിജ്ഞാനം

44. സാർത്ഥകമായ ഏറ്റവും വലിയ സ്വനസമൂഹമാണ് .......................

(എ) സ്വനിമം (ബി) രൂപിമം
(സി) വാക്യം (ഡി) സ്വനം

45. രീതിയെപ്പറ്റിയുള്ള ഭാഷാശാസ്ത്ര പഠനശാഖയാണ് .........................

(എ) വാക്യവിജ്ഞാനം (ബി) സാമൂഹികഭാഷാപഠനം
(സി) ശൈലീവിജ്ഞാനം (ഡി) മനോവിശ്ലേഷണം

46. ക്രാറ്റിലസ് (ഈൃമ്യേഹൗ) ആരുടെ രചനയാണ്?

(എ) സോക്രട്ടീസ് (ബി) പ്ലേറ്റോ
(സി) അരിസ്റ്റോട്ടിൽ (ഡി) പ്രോട്ടഗോറസ്

47. ഏതൊരു ഭാഷയിലെയും വിഭജിക്കാൻ കഴിയാത്ത അടിസ്ഥാന ഘടകമാണ് .....................

(എ) വർണ്ണം (ബി) അക്ഷരം
(സി) ലിപി (ഡി) രൂപിമം

48. സ്വരങ്ങളോ സ്വരം ചേർന്ന വ്യഞ്ജനങ്ങളോ ആണ് ......................

(എ) വർണ്ണം (ബി) അക്ഷരം
(സി) ശബ്ദം (ഡി) ലിപി

49. 'ലാംഗ്വേജ്' എന്ന പുസ്തകത്തിന്റെ കർത്താവ്?

(എ) പ്ലേറ്റോ (ബി) അരിസ്റ്റോട്ടിൽ
(സി) ബ്ലൂംഫീൽഡ് (ഡി) സസ്യൂർ

50. രചനാന്തരണ – പ്രജനക വ്യാകരണത്തിന് അടിത്തറ പാകിയതാര്?

(എ) സസ്സൂർ (ബി) സപീർ
(സി) ബ്ലൂം ഫീൽഡ് (ഡി) പ്ലേറ്റോ

51. ഭാഷണത്തിലെ ഏറ്റവും ചെറിയ ഘടകമാണ് ..........................

(എ) രൂപിമം (ബി) സ്വനിമം
(സി) ശബ്ദം (ഡി) സ്വനം

52. ഉച്ചാരണത്തിൽ പ്രത്യക്ഷപ്പെടുന്ന അസ്ഥിരസ്വഭാവമുള്ള സ്വനങ്ങളാണ് ...................

(എ) അധഃസ്വനങ്ങൾ (ബി) സ്വനിമങ്ങൾ
(സി) രൂപിമം (ഡി) വാക്യങ്ങൾ

53. ശ്വാസകോശങ്ങൾക്ക് വികാസ സങ്കോചങ്ങൾ ഉണ്ടാകാൻ സഹായിക്കുന്ന ഭിത്തിയാണ് ......................

(എ) ശ്വാസനാളം (ബി) പ്രാചീരം
(സി) ഉപജ്ജിഹ്വ (ഡി) കണ്ഠനാളീശീർഷം

54. ചുണ്ടുകൾ വൃത്താകൃതിയിലാക്കി ഉച്ചരിക്കുന്ന സ്വരങ്ങളാണ് .................

(എ) അവർത്തുള സ്വരങ്ങൾ (ബി) വർത്തുളസ്വരങ്ങൾ
(സി) മുൻസ്വരങ്ങൾ (ഡി) പിൻസ്വരങ്ങൾ

55. ചുണ്ടുകൾ പരത്തി ഉച്ചരിക്കുന്നവയെ .................. സ്വരങ്ങൾ എന്നു പറയുന്നു.

(എ) മുൻസ്വരങ്ങൾ (ബി) പിൻസ്വരങ്ങൾ
(സി) വർത്തുള സ്വരങ്ങൾ (ഡി) അവർത്തുള സ്വരങ്ങൾ

56. മലയാളത്തിലെ ഉച്ചവും അവർത്തുളിതവുമായ മുൻസ്വരമാണ് ..............

(എ) എ  (ബി) ഇ
(സി) അ  (ഡി) ഉ

57. മാനസ്വരവ്യവസ്ഥ അവതരിപ്പിച്ചതാര്?

(എ) നോം ചോംസ്കി  (ബി) എഡ്വേർഡ് സപീർ
(സി) ഡാനിയൽ ജോൺസൺ  (ഡി) ബ്ലൂം ഫീൽഡ്

58. സ്വരം തനിച്ചോ വ്യഞ്ജനമോ വ്യഞ്ജനങ്ങളോ ചേർന്നോ പ്രത്യക്ഷപ്പെടുന്ന ശബ്ദഘടകങ്ങളാണ് ....................

(എ) അക്ഷരങ്ങൾ  (ബി) സ്വനങ്ങൾ
(സി) സ്വനിമങ്ങൾ  (ഡി) രൂപിമങ്ങൾ

59. അക്ഷരത്തിന് പകരമായി ഗുണ്ടർട്ട് വ്യാകരണത്തിൽ ഉപയോഗിക്കുന്ന പദം ഏത്?

(എ) ഭാഷാഖണ്ഡം  (ബി) പദാംശം
(സി) സ്വനങ്ങൾ  (ഡി) സ്വനിമങ്ങൾ

60. ഏറ്റവും കൂടുതൽ ശ്രവണസ്പഷ്ടതയുള്ള സ്വരമേത്?

(എ) ഇ  (ബി) ഉ
(സി) അ  (ഡി) ആ

61. കണ്ഠനാള ശീർഷകം എന്നറിയപ്പെടുന്ന വ്യഞ്ജനം ഏത്?

(എ) ര  (ബി) റ
(സി) ഹ  (ഡി) റ്റ

62. ഉച്ചാരണാവയവം ഉച്ചാരണസ്ഥാനത്ത് പൂർണ്ണമായി സ്പർശിച്ച് നിശ്വാസവായുവിനെ പുറത്തുവിടുമ്പോൾ ഉണ്ടാവുന്ന സ്വനമാണ് .............

(എ) ഘർഷം  (ബി) വിരാമം
(സി) കമ്പിതം  (ഡി) പ്രവാഹി

63. താഴെ പറയുന്ന സ്വനങ്ങളിൽ വിരാമം ഏത്?

(എ) ക്  (ബി) സ്
(സി) ശ്  (ഡി) ഷ്

64. വേർതിരിച്ചു കാണിക്കുവാൻ കഴിയാത്ത ഉച്ചാരണഖണ്ഡങ്ങളാണ് ............

(എ) വ്യതിരിക്തധ്വനി  (ബി) ലീനധ്വനി
(സി) അധഃസ്വനം  (ഡി) സ്ഥായി

65. സ്വനിമ സങ്കല്പം സിദ്ധാന്തമായി അവതരിപ്പിച്ചതാര്?

(എ) ബോദോയിൻ കോർത്  (ബി) സപീർ
(സി) ബ്ലൂം ഫീൽഡ്  (ഡി) നോം ചോംസ്കി

66. വേർതിരിച്ച് കാണിക്കാൻ കഴിയുന്ന ഭാഷണശബ്ദാഭിലക്ഷണങ്ങളിലെ ഏറ്റവും ചെറിയ മാത്രയാണ് ..................

(എ) സ്വനം  (ബി) അക്ഷരം
(സി) പദം  (ഡി) സ്വനിമം

67. അടിസ്ഥാനമായ ഭാഷണശബ്ദമാണ് സ്വനിമം എന്ന് നിർവ്വചിച്ചത് ആര്?

(എ) ബ്ലൂം ഫീൽഡ് (ബി) ഡാനിയൽ ജോൺസ്
(സി) എഡ്വേർഡ് സപീർ (ഡി) ബി. ബ്ലോക്ക്

68. പ്രവചനീയ സാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സ്വനങ്ങളാണ് ...............

(എ) അല്പവ്യത്യയജോഡി (ബി) ഉപസ്വനം
(സി) പൂരകബന്ധം (ഡി) അധഃസ്വനം

69. ഉപസ്വനങ്ങൾക്കു തമ്മിലുള്ള ബന്ധമാണ് .......................

(എ) പൂരകബന്ധം (ബി) അല്പവ്യത്യയജോഡി
(സി) സ്വതന്ത്രപരിവർത്തനം (ഡി) വ്യത്യയം

70. ഭാഷയിലെ അർത്ഥയുക്തമായ ഏറ്റവും ചെറിയ മൂലകമാണ് .....................

(എ) സ്വനം (ബി) സ്വനിമം
(സി) രൂപം (ഡി) ഉപരൂപം

71. സമാനാർത്ഥ രൂപങ്ങളെ ....................... എന്നു പറയുന്നു.

(എ) ഉപരൂപം (ബി) രൂപിമം
(സി) ബദ്ധരൂപിമം (ഡി) സ്വതന്ത്രരൂപിമം

72. അർത്ഥവ്യത്യാസത്തിന് കാരണമാകുന്ന സ്വനത്തെ ................... എന്നു പറയുന്നു.

(എ) സ്വനിമം (ബി) രൂപിമം
(സി) ഉപരൂപം (ഡി) സ്വതന്ത്രരൂപിമം

73. സ്വനിമത്തിന്റെ പ്രവൃത്തിപഥ വ്യതിയാനങ്ങളാണ് .........................

(എ) സ്വനം (ബി) രൂപിമം
(സി) ഉപസ്വനം (ഡി) വ്യത്യയം

74. ഒരേ സ്വനിക സാഹചര്യത്തിൽ പ്രത്യക്ഷപ്പെടാത്തതും സദൃശ സ്വഭാവമുള്ളതും പ്രവചനീയ പ്രത്യക്ഷസ്ഥാനങ്ങളോടുകൂടിയതും ആയ സ്വനങ്ങളാണ് ..................

(എ) സ്വനം (ബി) ഉപസ്വനം
(സി) രൂപിമം (ഡി) വ്യത്യയം

75. ഒരേ സ്വനം സ്വനസാദൃശ്യമുള്ളതും വ്യത്യസ്ത സ്വനിമങ്ങളിൽ ചേരുന്നതുമായ രണ്ട് സ്വനങ്ങളോട് പൂരകവിതരണത്തിൽ വർത്തിക്കുന്നതാണ് ....................

(എ) ആംശികപൂരണം (ബി) ബഹുവിധപൂരണം
(സി) സ്വനിമിക ലയനം (ഡി) സ്വതന്ത്രപരിവർത്തനം

76. ഒരു പദത്തിന്റെ തന്നെ അംഗീകരിക്കപ്പെട്ട രണ്ടു ഉച്ചാരണഭേദങ്ങളെയാണ് ..................... എന്നു വിശേഷിപ്പിക്കുന്നത്.

(എ) സ്വനിമിക ലയനം (ബി) ആംശിക പൂരണം
(സി) സ്വതന്ത്ര പരിവർത്തനം (ഡി) ബഹുവിധപൂരണം

77. താഴെപ്പറയുന്നവയിൽ സ്പർശവിഭാഗത്തിൽപ്പെടുന്ന വ്യഞ്ജനമേത്?

(എ) ങ് (ബി) ട്
(സി) ഷ് (ഡി) ര

78. വ്യതിരിക്തസ്വനങ്ങളിൽ അലിഞ്ഞുചേർന്നിരിക്കുന്നതും വേർതിരിച്ചെടുക്കാൻ കഴിയാത്തതുമായ ധ്വനിവിശേഷങ്ങളാണ് ..........................

(എ) ഉപസ്വനങ്ങൾ (ബി) ലീനധ്വനികൾ
(സി) പാർശ്വികങ്ങൾ (ഡി) കമ്പിതങ്ങൾ

79. സ്വയമൊരു പദമായി നിലകൊള്ളാൻ കഴിയുന്ന രൂപിമത്തെ ............. എന്നു പറയുന്നു.

(എ) ആശ്രിതരൂപിമം (ബി) ഉപരൂപങ്ങൾ
(സി) സ്വതന്ത്രരൂപിമം (ഡി) ശൂന്യരൂപം

80. പരിസരഭേദമനുസരിച്ച് രൂപവ്യതിയാനം കൈക്കൊള്ളുന്ന രൂപിമങ്ങളാണ് ........................

(എ) സ്വതന്ത്രരൂപിമം (ബി) ആശ്രിതരൂപിമം
(സി) ശൂന്യരൂപിമം (ഡി) ബഹുരൂപിമം

81. പ്രകൃതിക്കു മുൻപിലാണ് പ്രത്യയമെങ്കിൽ അത്തരം പ്രത്യയങ്ങളെ ................. എന്നു പറയുന്നു.

(എ) പരപ്രത്യയം (ബി) പുരഃപ്രത്യയം
(സി) അന്തഃപ്രത്യയം (ഡി) ധാതു

82. പ്രകൃതിയുടെ മധ്യത്തിലാണ് പ്രത്യയം ചേർക്കുന്നതെങ്കിൽ അതിനെ ............... എന്നു പറയുന്നു.

(എ) ധാതു (ബി) പുരഃപ്രത്യയം
(സി) അന്തഃപ്രത്യയം (ഡി) പരപ്രത്യയം

83. വ്യതിരിക്താർത്ഥം കല്പിക്കേണ്ട ചില ഘടനകളിൽ അതിന് സമാനമായ രൂപം ഇല്ലെങ്കിൽ ആ പ്രതിഭാസത്തെ ...................... എന്നു പറയുന്നു.

(എ) വിബന്ധ രൂപിമം (ബി) ശൂന്യരൂപിമം
(സി) ഉപരൂപങ്ങൾ (ഡി) സ്വതന്ത്രരൂപിമം

84. അർത്ഥഭേദം സൂചിപ്പിക്കാൻ പ്രകൃതികളുടെ ആന്തരിക ഘടനയിൽ മാറ്റം വരുത്തുന്നതിനെയാണ് ....................... എന്നു പറയുന്നത്.

(എ) വിബന്ധ രൂപിമം (ബി) ശൂന്യരൂപിമം
(സി) ആദേശരൂപിമം (ഡി) സ്വതന്ത്രരൂപിമം

85. വാക്യത്തിൽ അടുത്ത ബന്ധം പുലർത്തുന്ന ഘടകങ്ങളെ ...................... എന്നു പറയുന്നു.

(എ) സന്നിഹിതഘടകങ്ങൾ (ബി) കേന്ദ്രീകൃതഘടന
(സി) സങ്കീർണ്ണ വാക്യങ്ങൾ (ഡി) നാമപദബന്ധങ്ങൾ

86. ഒരു ക്രിയ മാത്രമുള്ള ഘടനയുള്ള വാക്യമാണ് ..................

(എ) സകർമകവാക്യം (ബി) നിയോജകവാക്യം
(സി) കർമ്മണിവാക്യം (ഡി) സരളവാക്യം

87. ഒന്നിലധികം അംഗിവാക്യങ്ങൾ ചേരുന്നതാണ് .......................

(എ) സംയുക്തവാക്യം (ബി) സരളവാക്യം
(സി) സങ്കരവാക്യം (ഡി) സകർമ്മകവാക്യം

88. 'ഭാഷയും മനസ്സും' എന്ന കൃതിയുടെ കർത്താവ്.

(എ) നോം ചോംസ്കി (ബി) ബ്ലൂം ഫീൽഡ്
(സി) സപീർ (ഡി) വില്യം ബ്ലോക്ക്

89. ആശയവിനിമയത്തിനുപയുക്തമാകുന്ന അടിസ്ഥാന ഘടകമാണ് .................

(എ) സ്വനം (ബി) സ്വനിമം
(സി) രൂപിമം (ഡി) വാക്യം

90. പൂർണ്ണമായ ആശയത്തിന്റെ ഏറ്റവും ചെറിയ ഏകകമാണ് .....................

(എ) സ്വനം (ബി) സ്വനിമം
(സി) വാക്യം (ഡി) രൂപിമം

91. ആധുനിക ഭാഷാശാസ്ത്രത്തിന്റെ പിതാമഹൻ എന്ന് അറിയപ്പെടുന്നതാര്?

(എ) ബ്ലൂം ഫീൽഡ് (ബി) സസ്യൂർ
(സി) നോം ചോംസ്കി (ഡി) ഹാരിസ്

92. ആധുനിക ഭാഷാശാസ്ത്രത്തിലെ ഘടനാത്മക സമീപനരീതിയുടെ ശക്തനായ വക്താവാര്?

(എ) ബ്ലൂം ഫീൽഡ് (ബി) വോർഫ്
(സി) സപീർ (ഡി) യാക്കോബ്സൺ

93. വാക്യഘടനയുടെ അപഗ്രഥനത്തിന് സന്നിഹിതഘടകാപഗ്രഥനം അവതരിപ്പിച്ചതാര്?

(എ) വോർഫ് (ബി) യാക്കോബ്സൺ
(സി) സസ്യൂർ (ഡി) ബ്ലൂം ഫീൽഡ്

94. പദസംഹിത രചനാവ്യാകരണം അവതരിപ്പിച്ചതാര്?

(എ) സസ്യൂർ (ബി) ബ്ലൂം ഫീൽഡ്
(സി) നോം ചോംസ്കി (ഡി) സപീർ

95. കൃത്രിമമായി പാകപ്പെടുത്തുന്നതാണ് ...................

(എ) വ്യക്തിഭാഷ (ബി) മാനകഭാഷ
(സി) ഭാഷാഭേദം (ഡി) കീഴാളഭാഷ

96. ‘അർത്ഥവിചാരം’ എന്ന ഗ്രന്ഥം ആരുടെ രചനയാണ്?

(എ) സി. കെ. ഓഗ്ഡൺ (ബി) ഐ. ഐ. റിച്ചാർഡ്സ്
(സി) ജോൺ ലിയോൺസ് (ഡി) ബ്ലൂം ഫീൽഡ്

97. സസ്യൂർ ഭാഷയുടെ സാമൂഹികതലത്തിന് നല്കിയ പേരെന്ത്?

(എ) പരോൾ (ബി) ലാങ്
(സി) സൂചകം (ഡി) സൂചിതം

98. ഉപസമൂഹങ്ങളുടെ ഭാഷണരീതിയെ ................. എന്നു വിളിക്കുന്നു.

(എ) മാനകഭാഷ (ബി) വ്യക്തിഭാഷ
(സി) തന്മൊഴി (ഡി) ഭാഷാഭേദം

99. ഉച്ചാരണം, പദം, വ്യാകരണരൂപം, അർത്ഥം എന്നിവയിൽ സമാനസ്വഭാവമുള്ളവയെ ബന്ധിപ്പിക്കുന്ന സാങ്കല്പിക രേഖയാണ് ................

(എ) ഭാഷാഭേദമേഖല (ബി) സമഭാഷാംശ സീമാരേഖ
(സി) ഭാഷാഭേദഭൂപടം (ഡി) കേന്ദ്ര അവശിഷ്ട സംക്രമണമേഖല

100. സ്വനപാളികളിൽ കമ്പനമുണ്ടാക്കി ഉച്ചരിക്കുന്ന വ്യഞ്ജനമാണ് ....................

(എ) ശ്വാസി (ബി) നാദി
(സി) കണ്ഠ്യം (ഡി) ഘർഷി

101. താഴെ പറയുന്ന വ്യഞ്ജനങ്ങളിൽ ശ്വാസിഭേദത്തിന് ഉദാഹരണമേത്?

(എ) ഗ (ബി) ക
(സി) ഘ (ഡി) ങ

102. മലയാളത്തിലെ മൂലസ്വരങ്ങളിൽ പെടാത്തവ ഏത്?

(എ) ഇ (ബി) എ
(സി) അ (ഡി) ഐ

103. മാനസ്വരങ്ങൾ എത്ര?

(എ) 5 (ബി) 6
(സി) 7 (ഡി) 8

104. ഒരു സ്വനിമത്തിന്റെ ഉച്ചാരണമാണ് .......................

(എ) സ്വനം (ബി) ഉപസ്വനം
(സി) അധഃസ്വനം (ഡി) അക്ഷരം

105. രചനാന്തരണസിദ്ധാന്തം ആദ്യമായി അവതരിപ്പിച്ചതാര്?

(എ) നോം ചോംസ്കി (ബി) ഹാരിസ്
(സി) ബ്ലൂം ഫീൽഡ് (ഡി) സപീർ

106. താഴെ പറയുന്ന പദങ്ങളിൽ അർത്ഥവികാസത്തിനിടയായ പദമേത്?

(എ) പണം (ബി) മാടം
(സി) വാട (ഡി) ഭസ്മം

107. താഴെ പറയുന്ന പദങ്ങളിൽ അർത്ഥാദേശത്തിനിടയായ പദമേത്?

(എ) പൊന്ന് (ബി) ദീനം
(സി) കച്ചേരി (ഡി) രൂപാ

108. ഭാഷയിലെ തെറ്റും ശരിയും നിർണ്ണയിക്കുന്നത് ................ ഭാഷയുടെ അടിസ്ഥാനത്തിലാണ്

(എ) വ്യക്തിഭാഷ (ബി) മാനകഭാഷ
(സി) ലോകഭാഷ (ഡി) പുഷ്ടഭാഷ

109. ഒരു കാലത്ത് ആശയവിനിമയാർത്ഥം പ്രയോഗിച്ചിരുന്നതും പിൽക്കാലത്ത് സാഹിത്യാദികോശങ്ങളിൽ മാത്രം കാണുന്നതുമായ ഭാഷയാണ് .................

(എ) മാനകഭാഷ (ബി) ലോകഭാഷ
(സി) മൃതഭാഷ (ഡി) ഭരണഭാഷ

110. മൃതഭാഷയ്ക്ക് ഉദാഹരണമാണ്

(എ) മലയാളം (ബി) ഹിന്ദി
(സി) സംസ്കൃതം (ഡി) ഇംഗ്ലീഷ്

111. ലോകത്തിലെ ജനങ്ങൾ സമ്പർക്കത്തിനുപയോഗിക്കുന്ന ഭാഷ

(എ) ഭരണഭാഷ (ബി) അന്താരാഷ്ട്രഭാഷ
(സി) സങ്കരഭാഷ (ഡി) ഭരണഭാഷ

112. അന്തർദേശീയഭാഷയ്ക്ക് ഉദാഹരണമാണ്

(എ) ലാറ്റിൻ (ബി) ഫ്രഞ്ച്
(സി) എസ്പരാന്റോ (ഡി) സംസ്കൃതം

113. എസ്പരാന്റോ എന്ന അന്തർദേശീയ ഭാഷയ്ക്ക് രൂപം നൽകിയ ഭാഷാശാസ്ത്രജ്ഞൻ

(എ) ദെറീദ (ബി) ചോംസ്കി
(സി) സമൻഹോഫ് (ഡി) ബ്ലൂം ഫീൽഡ്

114. മൂർത്ത വസ്തുവിനെ ആശയമാക്കി മാറ്റുന്ന പ്രക്രിയയാണ് ....................

(എ) സങ്കേതനം (ബി) വിസങ്കേതനം
(സി) ആശയസഞ്ചാരം (ഡി) ആശയസ്വീകരണം

115. അമൂർത്തമായ ആശയത്തെ മൂർത്തമായ ആശയത്തിലേയ്ക്ക് മാറ്റുന്ന പ്രക്രിയ

(എ) സങ്കേതനം (ബി) ആശയസഞ്ചാരം
(സി) വിസങ്കേതനം (ഡി) ആശയസ്വീകരണം

116. ശിശുഭാഷ ഉൾപ്പെടുന്ന വിഭാഗം

(എ) ലിംഗ്വസ്റ്റിക്സ് ഒന്റേജനി (ബി) ലിംഗ്വസ്റ്റിക് ഫൈലോജനി
(സി) സൈക്കോ ലിംഗ്വസ്റ്റിക്സ് (ഡി) ന്യൂറോ ലിംഗ്വസ്റ്റിക്സ്

117. ഉച്ചാരണത്തിൽ പ്രത്യക്ഷപ്പെടുന്ന അസ്ഥിരസ്വഭാവമുള്ള സ്വനങ്ങളാണ് ...............

(എ) ഉപസ്വനം (ബി) അധഃസ്വനം
(സി) രൂപിമം (ഡി) സ്വനിമം

118. ബദ്ധരൂപിമങ്ങൾക്ക് പറയുന്ന മറ്റൊരു പേര്

(എ) ആശ്രിതരൂപിമം (ബി) സ്വതന്ത്രരൂപിമം
(സി) ഉപരൂപിമം (ഡി) അൽപവ്യത്യയജോഡി

119. രണ്ട് പദങ്ങളിൽ സമാനസ്ഥാനത്ത് പ്രത്യക്ഷപ്പെടുന്ന സ്വനങ്ങളുടെ വ്യത്യാസം അർത്ഥവ്യത്യാസം സൃഷ്ടിക്കുന്നതാണ് .......................

(എ) അൽപേതരവ്യത്യയജോഡി (ബി) അൽപവ്യത്യയജോഡി
(സി) പൂരകബന്ധം (ഡി) ആശ്രിതരൂപിമം

120. ഒന്നിലധികം സ്ഥാനങ്ങളിലെ സ്വനവ്യത്യാസമാണ് ......................

(എ) പൂരകബന്ധം (ബി) സ്വതന്ത്രരൂപിമം
(സി) അൽപവ്യത്യയജോഡി (ഡി) അൽപേതരവ്യത്യയജോഡി

121. പ്രത്യക്ഷപ്പെടുന്ന സ്ഥാനം കൊണ്ടോ സാഹചര്യം കൊണ്ടോ വ്യത്യാസം സംഭവിക്കുന്ന സ്വനങ്ങൾക്ക് തമ്മിലുള്ള ബന്ധം ആണ് ......................

(എ) പൂരകബന്ധം (ബി) വ്യത്യയം
(സി) ആശ്രിതരൂപിമം (ഡി) സ്വതന്ത്രരൂപിമം

122. അർത്ഥഭേദം വരുത്താതെ ഒരേ പദത്തിൽ ഏതെങ്കിലും ഒരു സ്ഥാനത്ത് രണ്ട് സ്വനിമങ്ങൾ പ്രത്യക്ഷപ്പെടുന്നതാണ് .................

(എ) സ്വതന്ത്രപരിവർത്തനം (ബി) സ്വതന്ത്രരൂപിമം
(സി) ഭാഗിക പൂരകം (ഡി) പൂരകബന്ധം

123. ഉച്ചാരണാവയവങ്ങളുടെ സഹായത്താൽ എപ്രകാരമാണ് ഭാഷണശബ്ദങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്നത് എന്നന്വേഷിക്കുന്ന വിജ്ഞാനം

(എ) സ്വനഭൗതികം (ബി) ഉച്ചാരണസ്വനവിജ്ഞാനം
(സി) ശ്രവണാസ്പദസ്വനവിജ്ഞാനം (ഡി) സ്വനിമവിജ്ഞാനം

124. ശ്വസനനാളത്തെയും അന്നനാളത്തെയും വേർതിരിക്കുന്ന അടപ്പ്?

(എ) കൃകം (ബി) പ്രജിഹ്വ
(സി) ഉപജിഹ്വ (ഡി) നാവ്

125. ശ്വസനനാളത്തിന്റെ മുകളറ്റത്തുള്ള പേടകം

(എ) പ്രജിഹ്വ (ബി) ഉപജിഹ്വ
(സി) കൃകം (ഡി) കണ്ഠനാളപാദം

126. വാക്യരചനയിൽ മലയാളം പാലിക്കുന്ന ക്രമമേത്?

(എ) കർമ്മം, ക്രിയ, കർത്താവ് (ബി) കർത്താവ്, കർമ്മം, ക്രിയ
(സി) ക്രിയ, കർമ്മം, കർത്താവ് (ഡി) കർത്താവ്, ക്രിയ, കർമ്മം.

127. പൊതുവായ ഒരു പൂർവ്വികഭാഷയിൽ നിന്നുണ്ടാകുന്ന ഭാഷകളാണ് ................

(എ) പ്രാഗ് ഭാഷ (ബി) പുത്രീഭാഷകൾ
(സി) സജാതഭാഷകൾ (ഡി) അപുഷ്ടഭാഷകൾ

128. ഡാർവനിസത്തിന്റെ ഫലമായുണ്ടായ ഭരണഭാഷാ സിദ്ധാന്തം

(എ) തരംഗസിദ്ധാന്തം (ബി) കുടുംബവൃക്ഷസിദ്ധാന്തം
(സി) ഘടനാപഗ്രഥനം (ഡി) സന്നിഹിത ഘടനാപഗ്രഥനം

129. ജൈവപ്രകൃതി സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്.

(എ) ആഗസ്റ്റ് ഷ്ളീഷർ (ബി) യോഹന്നാസ് ഷ്മിറ്റ്
(സി) ഡാർവിൻ (ഡി) സൊസ്യൂർ

130. തരംഗസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്

(എ) സൊസ്യൂർ (ബി) ബ്ലൂം ഫീൽഡ്
(സി) ആഗസ്റ്റ് ഷ്ളീഷർ (ഡി) യോഹന്നാസ് ഷ്മിറ്റ്

131 ഇൻഡ്യൻ ലിപികളുടെ മൂലം?

(എ) ബ്രാഹ്മി (ബി) ദേവനാഗരി
(സി) വട്ടെഴുത്ത് (ഡി) ഖരോഷ്ഠി

132. ആധുനിക ഭാഷാശാസ്ത്രം ആരുടെ കൃതി?

(എ) ഡോ. ടി. ബി. വേണുഗോപാലപ്പണിക്കർ
(ബി) ഡോ. സി. ജെ. റോയ്
(സി) ഡോ. വി. ആർ. പ്രബോധചന്ദ്രൻനായർ
(ഡി) ഡോ. കെ. എം. പ്രഭാകരവാര്യർ, ശാന്താ അഗസ്റ്റ്യൻ

133. സാമൂഹികഭാഷാവിജ്ഞാനം രചിച്ചതാര്?

(എ) ഡോ. ഇ. വി. എൻ. നമ്പൂതിരി
(ബി) ഡോ. ഉഷ നമ്പൂതിരിപ്പാട്
(സി) ഡോ. സി. ജെ. റോയ്
(ഡി) ഡോ. വി. ആർ. പ്രബോധചന്ദ്രൻനായർ

134. പ്രകൃതിക്കും പ്രത്യയത്തിനും സ്വതന്ത്രമായ നിലനിൽപ്പുള്ള ഭാഷകൾ ഏതു കക്ഷ്യയിൽപ്പെടുന്നു?

(എ) പ്രാകൃതകക്ഷ്യ (ബി) വൈകൃതകക്ഷ്യ
(സി) സംശ്ലിഷ്ടകക്ഷ്യ (ഡി) സംഘടിതകക്ഷ്യ

135. മലയാളം സംശ്ലിഷ്ടകക്ഷ്യയിൽ നിന്ന് വൈകൃതകക്ഷ്യയുടെ പടിവാതിലിലാണെന്ന് അഭിപ്രായപ്പെട്ടതാര്?

(എ) കാൽഡ്വൽ (ബി) ഏ. ആർ. രാജരാജവർമ്മ
(സി) സി. എൽ. ആന്റണി (ഡി) ഇളംകുളം കുഞ്ഞൻപിള്ള

136. സ്വനസ്വീകരണത്തെക്കുറിച്ച് പഠിക്കുന്ന ശാഖയേത്?

(എ) ശ്രവണാസ്പദസ്വനവിജ്ഞാനം (ബി) സ്വനഭൗതികം
(സി) ഉച്ചാരണസ്വനവിജ്ഞാനം (ഡി) സ്വനിമവിജ്ഞാനം

137. മലയാളത്തിലെ പ്രവാഹികളിൽപ്പെടാത്ത അക്ഷരമേത്?

(എ) വ (ബി) യ
(സി) ഴ (ഡി) മ

138. മലയാളത്തിലെ ഘർഷങ്ങളിൽ പെടാത്ത അക്ഷരമേത്?

(എ) ശ (ബി) യ
(സി) ഷ (ഡി) സ

139. മലയാളത്തിലെ ഉൽക്ഷിപ്തമേത്?

(എ) യ (ബി) ല
(സി) ര (ഡി) റ

140. ഭാഷ – ഭാഷണം എന്നിവയെ സൂചിപ്പിക്കാൻ സൊസ്യൂർ ഉപയോഗിക്കുന്ന പദങ്ങൾ ഏവ?

(എ) സിഗ്നിഫയർ–സിഗ്നിഫൈഡ് (ബി) ലാങ്–പരോൾ
(സി) കോമ്പിറ്റൻസ്–പെർഫോമൻസ് (ഡി) സിക്രോണിക്ക്–ഡയാക്രോണിക്

141. ഒരു പ്രത്യേക കാലബിന്ദുവിൽ നിലവിലിരുന്ന ഭാഷയുടെ അപഗ്രഥനത്തിന് പറയുന്ന പേര്?

(എ) ഏകകാലിക ഭാഷാശാസ്ത്രം
(ബി) ബഹുകാലികഭാഷാശാസ്ത്രം
(സി) വ്യതിരേകാത്മകഭാഷാശാസ്ത്രം
(ഡി) താരതമ്യാത്മകഭാഷാശാസ്ത്രം

142. ദീർഘമായ കാലയളവിൽ ഭാഷയ്ക്കു സംഭവിക്കുന്ന മാറ്റങ്ങളുടെ അപഗ്രഥനത്തിന് പറയുന്ന പേര്?

(എ) ഏകകാലികഭാഷാശാസ്ത്രം
(ബി) വ്യതിരേകാത്മകഭാഷാശാസ്ത്രം
(സി) ബഹുകാലികഭാഷാശാസ്ത്രം
(ഡി) താരതമ്യാത്മകഭാഷാശാസ്ത്രം

143. മഹാപ്രാണീകരണം ഉള്ള എത്ര വ്യഞ്ജനസ്വനിമങ്ങളുണ്ട്?

(എ) പത്ത് (ബി) മൂന്ന്
(സി) ആറ് (ഡി) ഒമ്പത്

144. മലയാളത്തിൽ എത്ര അനുനാസിക വ്യഞ്ജനങ്ങളുണ്ട്?

(എ) മൂന്ന് (ബി) പത്ത്
(സി) ആറ് (ഡി) അഞ്ച്

145. ലീനധ്വനികൾക്ക് പറയുന്ന മറ്റൊരു പേര്?

(എ) സ്ഥായി (ബി) അനുതാനം
(സി) അധിഖണ്ഡസവിശേഷതകൾ (ഡി) വിരാമം

146. കേരളപാണിനീയത്തിൽ പറയുന്ന 'ശബ്ദ'ത്തെ ഭാഷാശാസ്ത്രത്തിലെ ഏതു വിഭാഗത്തോടാണ് ഉപമിക്കാനാവുക?

(എ) സ്വനിമം (ബി) വാക്യം
(സി) രൂപിമം (ഡി) ലീനധ്വനി

147. സാമൂഹികഭാഷാവിജ്ഞാനത്തിന്റെ ഏഴു മാനങ്ങൾ അവതരിപ്പിച്ചതാര്?

(എ) ആഗസ്റ്റ് ഷ്ളീഷർ (ബി) വില്യം ബ്രൈറ്റ്
(സി) ബ്ലൂം ഫീൽഡ് (ഡി) സൊസ്യൂർ

148. അനേകഭാഷകൾക്ക് പൂർവ്വരൂപമായി സങ്കല്പിക്കുന്ന ഭാഷയേത്?

(എ) സജാതഭാഷകൾ (ബി) മാതൃഭാഷ
(സി) മാനകഭാഷ (ഡി) പ്രാഗ്ഭാഷ

149. 'അധികാരവും ഭാഷയും' എന്ന കൃതിയുടെ കർത്താവ്?

(എ) ഡോ. പി. എം. ഗിരീഷ് (ബി) കെ. എ. ജലീൽ
(സി) എം. ശ്രീനാഥൻ (ഡി) കെ. ഗോദവർമ്മ

150. സ്വനവിജ്ഞാനം എന്ന കൃതിയുടെ കർത്താവ്?

(എ) ഡോ. കെ. എം. പ്രഭാകരവാര്യർ
(ബി) ഡോ. സി. ജെ. റോയ്
(സി) ഡോ. വി. ആർ. പ്രബോധചന്ദ്രൻനായർ
(ഡി) കേരളവർമ്മ

151. മണിപ്രവാളത്തിന്റെ ലക്ഷണഗ്രന്ഥം

(എ) കേരളപാണിനീയം
(ബി) ലീലാതിലകം
(സി) രാമചരിതം
(ഡി) കേരളഭാഷയുടെ വികാസപരിണാമങ്ങൾ

152. 'മലയാളത്തെ'പ്പറ്റി ആദ്യപരാമർശമുള്ള ഗ്രന്ഥം

(എ) ലീലാതിലകം (ബി) കേരളപാണിനീയം
(സി) ഭീമേശ്വരപുരാണം (ഡി) ഉണ്ണിയച്ചീചരിതം

153. 'മല' അഥവാ 'മലൈ' എന്നതിനോട് 'അളം' ചേർന്ന് മലയാളം എന്ന പദമുണ്ടായി എന്ന വാദം അവതരിപ്പിച്ചത്

(എ) ഡോ. കെ. എം. ജോർജ്ജ് (ബി) ഡോ. ഗോദവർമ്മ
(സി) ഏ. ആർ. രാജരാജവർമ്മ (ഡി) ഇളംകുളം കുഞ്ഞൻപിള്ള

154. 'മലയാഴികളിടയായൊരു മലയാളം' എന്ന് അഭിപ്രായപ്പെട്ടതാര്?

(എ) ഗോദവർമ്മ (ബി) കോവുണ്ണി നെടുങ്ങാടി
(സി) ഏ. ആർ. രാജരാജവർമ്മ (ഡി) ഡോ. കെ. എം. ജോർജ്ജ്

155. കേരളകൗമുദിയുടെ കർത്താവ്?

(എ) ഏ. ആർ. രാജരാജവർമ്മ (ബി) ഗോദവർമ്മ
(സി) കോവുണ്ണി നെടുങ്ങാടി (ഡി) ആറ്റൂർ കൃഷ്ണപ്പിഷാരടി

156. മലയാളം സംസ്കൃതത്തിൽ നിന്ന് ജനിച്ചു എന്ന വാദഗതി അവതരിപ്പിച്ചത്

(എ) വടക്കുംകൂർ രാജരാജവർമ്മ (ബി) ഏ. ആർ. രാജരാജവർമ്മ
(സി) കാൽഡ്വൽ (ഡി) കെ. ഗോദവർമ്മ

157. മൂലദ്രാവിഡഭാഷയുടെ സ്വതന്ത്രശാഖയാണു മലയാളം എന്ന വാദഗതി ആദ്യമായി അവതരിപ്പിച്ചത്?

(എ) കാൽഡ്വൽ (ബി) കോവുണ്ണി നെടുങ്ങാടി
(സി) ഇളംകുളം കുഞ്ഞൻപിള്ള (ഡി) ആറ്റൂർ കൃഷ്ണപ്പിഷാരടി

158. മിശ്രഭാഷാ സിദ്ധാന്തത്തിന്റെ അവതാരകൻ

(എ) ആറ്റൂർ കൃഷ്ണപ്പിഷാരടി (ബി) ഇളംകുളം കുഞ്ഞൻപിള്ള
(സി) കാൽഡ്വൽ (ഡി) ഏ. ആർ. രാജരാജവർമ്മ

159. ഭാഷാസിദ്ധാന്തത്തിന്റെ അവതാരകൻ

(എ) ആറ്റൂർ കൃഷ്ണപ്പിഷാരടി (ബി) ഏ. ആർ. രാജരാജവർമ്മ
(സി) സി. എൽ. ആന്റണി (ഡി) വടക്കുംകൂർ രാജരാജവർമ്മ

160. ഭാഷാസാഹിത്യചരിത്രം ആരുടെ കൃതിയാണ്?

(എ) കോവുണ്ണി നെടുങ്ങാടി (ബി) ആറ്റൂർ കൃഷ്ണപ്പിഷാരടി
(സി) ഉള്ളൂർ (ഡി) ഡോ. കെ. എം. ജോർജ്ജ്

161. 'നമുക്കെഴുത്തച്ഛനെടുത്ത ഭാഷാക്രമക്കണക്കേ ശരണം' എന്ന് അഭിപ്രായപ്പെട്ടതാര്?

(എ) കോവുണ്ണി നെടുങ്ങാടി (ബി) ഡോ. കെ. എം. ജോർജ്ജ്
(സി) കുഞ്ഞിക്കുട്ടൻ തമ്പുരാൻ (ഡി) ഏ. ആർ. രാജരാജവർമ്മ

162. കൊടുന്തമിഴ്വാദം അവതരിപ്പിച്ചതാര്?

(എ) ഏ. ആർ. രാജരാജവർമ്മ (ബി) കാൽഡ്വൽ
(സി) ഇളംകുളം കുഞ്ഞൻപിള്ള (ഡി) ലീലാതിലകകാരൻ

163. ആദ്യശാസനമേത്?

(എ) ജൂതശാസനം (ബി) വാഴപ്പള്ളിശാസനം
(സി) തരിസാപ്പള്ളിശാസനം (ഡി) മൂഴിക്കുളം ശാസനം

164. മലയാള ശാസനങ്ങൾ അധികവും എഴുതപ്പെട്ടത് ഏത് ലിപിയിലാണ്?

(എ) ഖരോഷ്ഠി (ബി) വട്ടെഴുത്ത്
(സി) കോലെഴുത്ത് (ഡി) ബ്രാഹ്മി

165. ഗദ്യഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ പഴക്കമേറിയ ഭാഷാകൃതി?

(എ) ഭാഷാ കൗടലീയം (ബി) ആട്ടപ്രകാരം
(സി) ക്രമദീപിക (ഡി) ദൂതവാക്യം

166. നമ്പ്യാന്തമിഴിൽ വിരചിതമായ പ്രഥമകൃതി

(എ) അംബരീഷോപാഖ്യാനം (ബി) ബ്രഹ്മാണ്ഡപുരാണം
(സി) നളോപാഖ്യാനം (ഡി) ഭാഷാകൗടലീയം

167. ഭാഷാസാഹിത്യത്തെ പ്രാചീന മലയാളമെന്നും ആധുനിക മലയാളമെന്നും രണ്ട് ഘട്ടമായി മാത്രം തിരിച്ചാൽ മതിയെന്ന് അഭിപ്രായപ്പെട്ടതാര്?

(എ) സി. എൽ. ആന്റണി (ബി) ആറ്റൂർ കൃഷ്ണപ്പിഷാരടി
(സി) വടക്കുംകൂർ രാജരാജവർമ്മ (ഡി) കേരളപാണിനി

168. വിഷ്ണുഭക്തിക്കും ഏകാദശിവ്രതാനുഷ്ഠാനത്തിനും പ്രചാരം നല്കുന്ന കൃതി.

(എ) ബ്രഹ്മാണ്ഡപുരാണം (ബി) നളോപാഖ്യാനം
(സി) അംബരീഷോപാഖ്യാനം (ഡി) ഭാഷാകൗടലീയം

169. പാട്ടിന് ലക്ഷണം നിർവ്വചിക്കുന്ന ഗ്രന്ഥം

(എ) കേരളപാണിനീയം (ബി) ഭാഷാഭൂഷണം
(സി) ലീലാതിലകം (ഡി) വൃത്തമഞ്ജരി

170. പാട്ടിന്റെ ലക്ഷണങ്ങൾ പൂർണ്ണമായും പ്രദർശിപ്പിക്കുന്ന പ്രഥമകൃതി

(എ) തിരുനിഴൽമാല (ബി) രാമചരിതം
(സി) രാമകഥപ്പാട്ട് (ഡി) ഭാരതം പാട്ട്

171. രാമചരിത കർത്താവ്?

(എ) ചീരാമൻ (ബി) വാല്മീകി
(സി) കോവുണ്ണി നെടുങ്ങാടി (ഡി) രാമപ്പണിക്കർ

172. രാമചരിതത്തിൽ എത്ര പടലങ്ങളുണ്ട്?

(എ) 184 (ബി) 154
(സി) 164 (ഡി) 174

173. തിരുനിഴൽമാല കണ്ടെത്തി പ്രസിദ്ധീകരിച്ചതാര്?

(എ) ഏ. ആർ. രാജരാജവർമ്മ (ബി) കോവുണ്ണി നെടുങ്ങാടി
(സി) എം. എം. പുരുഷോത്തമൻ (ഡി) ഡോ. കെ. എം. ജോർജ്ജ്

174. രാമകഥപ്പാട്ടിന്റെ കർത്താവ്?

(എ) ചീരാമൻ (ബി) അയ്യപ്പിള്ളയാശാൻ
(സി) രാമപ്പണിക്കർ (ഡി) വാല്മീകി

175. കണ്ണശ്ശൻ എന്നറിയപ്പെടുന്നത്

(എ) മാധവപ്പണിക്കർ (ബി) ശങ്കരപ്പണിക്കർ
(സി) രാമപ്പണിക്കർ (ഡി) വാല്മീകി

176. മഹാഭാരതത്തെ ഉപജീവിച്ചുണ്ടായ ആദ്യ കേരളീയകൃതി

(എ) ഭാരതമാല (ബി) മഹാഭാരതം കിളിപ്പാട്ട്
(സി) രാമകഥപ്പാട്ട് (ഡി) രാമചരിതം

177. 'ഭാഷാമിശ്രമിതെന്റികഴരുതെന്ന്' വായനക്കാരോട് അഭ്യർത്ഥിക്കുന്ന കവി?

(എ) മാധവപ്പണിക്കർ (ബി) രാമപ്പണിക്കർ
(സി) ശങ്കരപ്പണിക്കർ (ഡി) അയ്യപ്പിള്ളയാശാൻ

178. ലീലാതിലകത്തിന്റെ കാലം

(എ) 15–ാം നൂറ്റാണ്ട് (ബി) 13–ാം നൂറ്റാണ്ട്
(സി) 14–ാം നൂറ്റാണ്ട് (ഡി) 12–ാം നൂറ്റാണ്ട്

179. ലീലാതിലകത്തിന് ആദ്യപരിഭാഷ തയ്യാറാക്കിയത്?

(എ) ഏ. ആർ. രാജരാജവർമ്മ (ബി) അയ്യപ്പിള്ള ആശാൻ
(സി) അപ്പൻതമ്പുരാൻ (ഡി) ആറ്റൂർ കൃഷ്ണപ്പിഷാരടി

180. ലീലാതിലകം മുഴുവനായി ആദ്യം പരിഭാഷപ്പെടുത്തിയതാര്?

(എ) അപ്പൻതമ്പുരാൻ (ബി) ആറ്റൂർ കൃഷ്ണപ്പിഷാരടി
(സി) ഏ. അർ. രാജരാജവർമ്മ (ഡി) രാമപ്പണിക്കർ

181. പ്രാചീന മണിപ്രവാളത്തിലെ ആദ്യകൃതി

(എ) ചന്ദ്രോത്സവം (ബി) വൈശികതന്ത്രം
(സി) ആലത്തൂർ മണിപ്രവാളം (ഡി) ശ്രീകൃഷ്ണചരിതം മണിപ്രവാളം

182. മണിപ്രവാളത്തിൽ രചിക്കപ്പെട്ട വൈദ്യശാസ്ത്രഗ്രന്ഥം?

(എ) വൈശികതന്ത്രം (ബി) ആലത്തൂർ മണിപ്രവാളം
(സി) ശ്രീകൃഷ്ണചരിതം മണിപ്രവാളം (ഡി) ചന്ദ്രോത്സവം

183. ഭാഷയിലെ ആദ്യ മണിപ്രവാള കൃതി

(എ) വൈശികതന്ത്രം (ബി) ആലത്തൂർ മണിപ്രവാളം
(സി) ശ്രീകൃഷ്ണചരിതം മണിപ്രവാളം (ഡി) ചെറിയച്ചി

184. ഗ്രന്ഥലിപിയുടെ മറ്റൊരു പേര്?

(എ) ബ്രാഹ്മിലിപി (ബി) കോലെഴുത്ത്
(സി) ആര്യഎഴുത്ത് (ഡി) വട്ടെഴുത്ത്

185. എല്ലാ ഭാരതീയലിപികളുടെയും മാതൃലിപി

(എ) ബ്രാഹ്മിലിപി (ബി) വട്ടെഴുത്ത്
(സി) ഗ്രന്ഥലിപി (ഡി) ചിത്രലിപി

186. ബ്രാഹ്മിലിപിയുടെ മറ്റൊരു പേര്?

(എ) അശോക ലിപി (ബി) ആര്യ എഴുത്ത്
(സി) ഗ്രന്ഥലിപി (ഡി) ചിത്രലിപി

187. ചൈനീസ് ഭാഷയിൽ നിലനിൽക്കുന്ന ലിപി സമ്പ്രദായം

(എ) ബ്രാഹ്മിലിപി (ബി) ചിത്രലിപി
(സി) ഗ്രന്ഥലിപി (ഡി) അക്ഷരലിപി

188. ദ്രാവിഡഭാഷകൾ പൊതുവെ സ്വീകരിച്ചിരുന്ന ലിപി സമ്പ്രദായം

(എ) ബ്രാഹ്മിലിപി (ബി) ഗ്രന്ഥലിപി
(സി) ചിത്രലിപി (ഡി) അക്ഷരലിപി

189. ഇംഗ്ലീഷ് ഭാഷ സ്വീകരിച്ചിരിക്കുന്ന ലിപി വ്യവസ്ഥ

(എ) ബ്രാഹ്മിലിപി (ബി) അക്ഷരലിപി
(സി) വർണലിപി (ഡി) ചിത്രലിപി

190. ചേരപാണ്ഡ്യലിപി എന്നറിയപ്പെടുന്നത്?

(എ) കോലെഴുത്ത് (ബി) വട്ടെഴുത്ത്
(സി) ബ്രാഹ്മിലിപി (ഡി) അക്ഷരലിപി

191. ഭാഷയിലെ ഉച്ചാരണത്തിന്റെ ഏറ്റവും ചെറിയ വ്യത്യാസം വരെ രേഖപ്പെടുത്താൻ സാധിക്കത്തക്കവിധത്തിൽ ഭാഷാശാസ്ത്രജ്ഞർ ചിട്ടപ്പെടുത്തിയ ലിപിമാല ഏത്?

(എ) അക്ഷരലിപിമാല (ബി) ഇന്റർനാഷണൽ ഫൊണെറ്റിക് ലിപിമാല
(സി) വർണ്ണലിപിമാല (ഡി) ചിത്രലിപിമാല

192. മലയാളലിപിയെക്കുറിച്ച് 'ഗ്രമാറ്റിക്ക മലബാറിക്ക ലുന്തിയാന' രചിച്ചതാര്?

(എ) അർണോസ് പാതിരി (ബി) ഗുണ്ടർട്ട്
(സി) ഏ. ആർ. രാജരാജവർമ്മ (ഡി) പിയാനിയസ് പാതിരി

193. മലയാളലിപി ആദ്യമായി അച്ചടിച്ചു കാണുന്ന ഗ്രന്ഥം?

(എ) സംക്ഷേപവേദാർത്ഥം
(ബി) ഹോർത്തൂസ് ഇൻഡിക്കസ് മലബാറിക്കസ്
(സി) ബൈബിൾ
(ഡി) വർത്തമാനപ്പുസ്തകം

194. മലയാള ലിപിയിൽ അച്ചടിക്കപ്പെട്ട ആദ്യത്തെ സമ്പൂർണ്ണ കൃതി

(എ) ബൈബിൾ (ബി) കേരളാരാമം
(സി) സംക്ഷേപവേദാർത്ഥം (ഡി) വർത്തമാനപ്പുസ്തകം

195. മലയാളം അച്ചടിയുടെയും മലയാളം ലിപി പരിഷ്ക്കരണത്തിന്റെയും ഉപജ്ഞാതാവ്?

(എ) റോബർട്ട് ഡ്രമ്മണ്ട് (ബി) ബഞ്ചമിൻ ബെയ്‌ലി
(സി) ഗുണ്ടർട്ട് (ഡി) അർണോസ് പാതിരി

196. മലയാളത്തിലെ പരകീയപദങ്ങളിൽ ഏറ്റവും കൂടുതൽ ഏതു ഭാഷയിൽ നിന്നാണ്?

(എ) ഇംഗ്ലീഷ് (ബി) സംസ്കൃതം
(സി) ഹിന്ദി (ഡി) അറബി

197. 'ഗുമസ്തൻ' ഏതു ഭാഷയിൽ നിന്ന് സ്വീകരിച്ച പദമാണ്?

(എ) ഇംഗ്ലീഷ് (ബി) ലത്തീൻ
(സി)) പോർത്തുഗീസ് (ഡി) പേർസ്യൻ

198. 'മേശ' ഏതു ഭാഷയിൽ നിന്ന് സ്വീകരിച്ച പദമാണ്?

(എ) പോർത്തുഗീസ് (ബി) ലത്തീൻ
(സി) പേർസ്യൻ (ഡി) ഇംഗ്ലീഷ്

199. സംവൃതോകാരത്തെക്കുറിച്ച് ആദ്യം പരാമർശിക്കുന്ന ഗ്രന്ഥം?

(എ) കേരളപാണിനീയം (ബി) ലീലാതിലകം
(സി) മലയാണ്മയുടെ വ്യാകരണം (ഡി) കേരളകൗമുദി

200. ഏ. ആറിന്റെ ആറുനയങ്ങളിൽ പെടാത്തതേത്?

(എ) അനുനാസികാതിപ്രസരം (ബി) താലവ്യാദേശം
(സി) അംഗഭംഗം (ഡി) അനുപ്രദാനം

201. താലവ്യാദേശത്തിന് പറയുന്ന മറ്റൊരു പേര്?

(എ) അംഗഭംഗം (ബി) ഖിലോപസംഗ്രഹം
(സി) തവർഗ്ഗോപമർദ്ദം (ഡി) സ്വരസംവരണം

202. മലയാളത്തിലെ പുരുഷഭേദനിരാസം നിരാസമല്ല, അഭാവമാണ് എന്നു പറഞ്ഞതാര്?

(എ) ഡോ. കെ. എം. ജോർജ്ജ് (ബി) പി. വി. വേലായുധൻപിള്ള
(സി) സി. എൽ. ആന്റണി (ഡി) പി. ശങ്കരൻ നമ്പ്യാർ

203. പ്രധാനമായും സ്വരസംവരണം സംഭവിക്കുന്നത്?

(എ) കവർഗ്ഗത്തിന് (ബി) ചവർഗ്ഗത്തിന്
(സി) സംവൃതോകാരത്തിന് (ഡി) വിവൃതോകാരത്തിന്

204. മലയാളഭാഷയിൽ കരിന്തമിഴ്കാലം, മലയാണ്മക്കാലം, മലയാളകാലം എന്നിങ്ങനെ ഘട്ട വിഭജനം നടത്തിയതാര്?

(എ) പി. ഗോവിന്ദപ്പിള്ള (ബി) ഏ. ആർ. രാജരാജവർമ്മ
(സി) പി. ശങ്കരൻനമ്പ്യാർ (ഡി) സി. എൽ. ആന്റണി

205. മലയാളഭാഷയിൽ പ്രാചീനം, മധ്യം, ആധുനികം എന്നിങ്ങനെ ഘട്ടവിഭജനം നടത്തിയതാര്?

(എ) പി. ഗോവിന്ദപ്പിള്ള (ബി) സി. എൽ. ആന്റണി
(സി) ഏ. ആർ. രാജരാജവർമ്മ (ഡി) പി. ശങ്കരൻനമ്പ്യാർ

206. പരതന്ത്രഘട്ടം, സംക്രമണഘട്ടം, സ്വതന്ത്രഘട്ടം എന്നിങ്ങനെ മലയാളഭാഷയിലെ ഘട്ടവിഭജനം നടത്തിയതാര്?

(എ) സി. എൽ. ആന്റണി (ബി) പി. ഗോവിന്ദപ്പിള്ള
(സി) ഏ. ആർ. രാജരാജവർമ്മ (ഡി) പി. ശങ്കരൻനമ്പ്യാർ

207. കരിന്തമിഴ് കാലത്ത് രചിക്കപ്പെട്ടതായി ഏ. ആർ പറയുന്ന കൃതി?

(എ) ഭാഷാ കൗടലീയം (ബി) രാമചരിതം
(സി) തിരുനിഴൽമാല (ഡി) ദൂതവാക്യം

208. ദ്രാവിഡമൂലഭാഷയ്ക്ക് ആറ്റൂർ നൽകിയ പേര്?

(എ) ചെന്തമിഴ് (ബി) കൊടുന്തമിഴ്
(സി) മുത്തമിഴ് (ഡി) കരിന്തമിഴ്

209. തമിഴിലെ സംസാരഭാഷയ്ക്ക് പറയുന്ന പേര്?

(എ) ചെന്തമിഴ് (ബി) കൊടുന്തമിഴ്
(സി) കരിന്തമിഴ് (ഡി) മുത്തമിഴ്

210. ദ്രാവിഡഭാഷകളുടെ സ്വതന്ത്രനിലയെക്കുറിച്ച് ആദ്യമായി പ്രസ്താവിച്ച പണ്ഡിതൻ.

(എ) എഫ്. ഡബ്ല്യൂ. എല്ലീസ് (ബി) ആർ. സ്വാമിനാഥ അയ്യർ
(സി) കാൽഡ്വൽ (ഡി) ഏ. ആർ. രാജരാജവർമ്മ

211. ഭാരതത്തിലെ ഭാഷകളിൽ അർത്ഥശാസ്ത്രത്തിനുണ്ടായ ആദ്യ വിവർത്തനം

(എ) ബ്രഹ്മാണ്ഡപുരാണം (ബി) അംബരീഷോപാഖ്യാനം
(സി) ദൂതവാക്യം (ഡി) ഭാഷാകൗടലീയം

212. ഡാർവനിസത്തിന്റെ സ്വാധീനഫലമായുണ്ടായ ഭാഷാശാസ്ത്രസിദ്ധാന്തം.

(എ) തരംഗസിദ്ധാന്തം (ബി) കുടുംബവൃക്ഷസിദ്ധാന്തം
(സി) കുടുംബഗോത്രവിഭജനം (ഡി) ഘടനാവാദസിദ്ധാന്തം

213. ദക്ഷിണേഷ്യൻ ലിപികൾക്കെല്ലാം ഗുഹാലിഖിതങ്ങളോട് ആധമർണ്യമുണ്ടെന്ന് പറഞ്ഞതാര്?

(എ) കാൽഡ്വൽ (ബി) എഫ്. ഡബ്ല്യു. എല്ലിസ്
(സി) ഡോ. ബർണ്ണൻ (ഡി) ആർ. സ്വാമിനാഥ അയ്യർ

214. 'ദ്രവീഡിയൻ തിയറീസ്' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?

(എ) കാൽഡ്വൽ (ബി) ആർ. സ്വാമിനാഥ അയ്യർ
(സി) ഡോ. ബർണ്ണൻ (ഡി) എഫ്. ഡബ്ല്യൂ. എല്ലിസ്

215. ആധുനികഭാഷാശാസ്ത്രത്തിന്റെ ബൈബിൾ എന്നറിയപ്പെടുന്ന കൃതി.

(എ) ലാംഗ്വേജ് (ബി) കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സ്
(സി) ലിംഗ്വിസ്റ്റിക്സ് (ഡി) സെമാന്റിക്സ്

216. 'തമിഴിന്റെ സംസ്കൃതീകരണമാണ് ദ്രാവിഡം' എന്നഭിപ്രായപ്പെട്ടത്?

(എ) ഏ. ആർ. രാജരാജവർമ്മ (ബി) കാൽഡ്വൽ
(സി) വടക്കുംകൂർ രാജരാജവർമ്മ (ഡി) സി. എൽ. ആന്റണി

217. മലയാളത്തിന് തമിഴിന്റെ പുത്രീപദമാണ് കൊടുക്കേണ്ടതെന്ന് ആദ്യമായി ചൂണ്ടിക്കാട്ടിയത്?

(എ) ഏ. ആർ. രാജരാജവർമ്മ | (ബി) എല്ലിസ്
(സി) കാൽഡ്വൽ | (ഡി) വടക്കുംകൂർ രാജരാജവർമ്മ

218. കേരളത്തിലെ ആദിമ നിവാസികൾ സംസാരിച്ചിരുന്ന ഒരുതരം പ്രാകൃതഭാഷയും മറ്റു ദ്രാവിഡഭാഷകളും ചേർന്നതാണ് മലയാളം എന്നഭിപ്രായപ്പെട്ടതാര്?

(എ) പി. ശങ്കരൻനമ്പ്യാർ | (ബി) വടക്കുംകൂർ
(സി) ഏ. ആർ. രാജരാജവർമ്മ | (ഡി) കാൽഡ്വൽ

219. ഇന്ത്യൻ ഭാഷകളുടെ തുലനാത്മക പഠനത്തിന് ആരംഭം കുറിച്ചതാര്?

(എ) കാൽഡ്വൽ | (ബി) സർ വില്യം ജോൺസ്
(സി) എഫ്. ഡബ്ല്യൂ. എല്ലിസ് | (ഡി) എൽ. വി. രാമസ്വാമ അയ്യർ

220. ഭാരതീയ ഭാഷകൾ ഗോത്രപരമായി എത്ര വകുപ്പിൽ പെടുന്നു?

(എ) 4 | (ബി) 5
(സി) 3 | (ഡി) 8

221. എസ്. എം. എസ് ഭാഷയെപ്പറ്റി വിവരിക്കുന്ന ഠഃഭിഴ : ഠവല ഏൃ8 ഉയ8 രചിച്ചതാര്?

(എ) ശരച്ചന്ദ്രൻ നായർ വി. എസ് | (ബി) റാൽഫ്
(സി) ഡേവിഡ് ക്രിസ്റ്റൽ | (ഡി) ജെന്നിഫർ മറേ

222. കേരളത്തിൽ ഔദ്യോഗിക ഭരണഭാഷ ആക്ട് നിലവിൽ വന്നത്?

(എ) 1968 | (ബി) 1970
(സി) 1969 | (ഡി) 1982

223. മലയാളം ക്ലാസിക്കൽ ഭാഷയായിത്തീർന്ന വർഷം?

(എ) 2015 | (ബി) 2013
(സി) 2012 | (ഡി) 2011

224. കേരളത്തിലെ ന്യൂനപക്ഷഭാഷകൾ ഏതെല്ലാം?

(എ) അറബി, തമിഴ് | (ബി) തമിഴ്, തെലുങ്ക്
(സി) തമിഴ്, കന്നട | (ഡി) കന്നഡ, തെലുങ്ക്

225. ഭരണഭാഷ മലയാളമാക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട ആദ്യകമ്മിറ്റിയുടെ അദ്ധ്യക്ഷൻ

(എ) കോമാട്ടിൽ അച്യുതമേനോൻ | (ബി) ഡോ. കെ. ഭാസ്കരൻനായർ
(സി) കെ. ദാമോദരൻ | (ഡി) പി. റ്റി. ഭാസ്ക്കരപ്പണിക്കർ

226. കേരളത്തിൽ പുതിയ ലിപി സമ്പ്രദായം നിലവിൽ വന്ന വർഷം

(എ) 1970 | (ബി) 1971
(സി) 1975 | (ഡി) 1965

227. മലയാള ദിനമേത്?

(എ) നവംബർ 1 | (ബി) ചിങ്ങം 1
(സി) ജനുവരി 1 | (ഡി) തിരുവോണദിനം

228. സോഷ്യോ ലിംഗ്വിസ്റ്റിക്സ് എന്ന പദത്തിന്റെ ഉപജ്ഞാതാവ്.

(എ) ഡെൽ ഹൈംസ് (ബി) ഹാവർ ഡി. കറി
(സി) എഡ്വർഡ് സപീർ (ഡി) ജോൺ ഗും പഴ്സ്

229. ആദ്യ കൃത്രിമ ഭാഷയേത്?

(എ) വോളാപക് (ബി) എസ്പരാന്റോ
(സി) നോവിയൻ (ഡി) ഇന്റർലിംഗ്വാ

230. വോളാപക് എന്ന കൃത്രിമഭാഷ രൂപപ്പെടുത്തിയത് ആര്?

(എ) ഡാമെൻ ഹോഫ് (ബി) ഗ്രിയേഴ്സൺ
(സി) ജെ. എം. ഷ്ളെയർ (ഡി) ജോർജ്ജ് വെങ്കർ

231. പരപ്രത്യയത്തിന് ഉദാഹരണമേത്?

(എ) അപ്രിയം (ബി) അസുഖം
(സി) കുട്ടികൾ (ഡി) പ്രചാരണം

232. ലീനസ്വനിക്ക് ഉദാഹരണമല്ലാത്തത് ഏത്?

(എ) ദാർഢ്യം (ബി) ഈണം
(സി) പ്രാസം (ഡി) സ്വനിമിക ലയനം

233. 'മലയാള ഭാഷാ പരിണാമം' – ആരുടെ കൃതിയാണ്?

(എ) തിരുനല്ലൂർ കരുണാകരൻ (ബി) ഇളംകുളം കുഞ്ഞൻപിള്ള
(സി) എ. സി. ശേഖർ (ഡി) കാൽഡ്വൽ

234. മലയാളം ആദിദ്രാവിഡഭാഷയുടെ സ്വതന്ത്രശാഖയാണെന്ന മതം ശക്തമായ രീതിയിൽ ആദ്യം അവതരിപ്പിച്ചത് ആര്?

(എ) ആറ്റൂർ (ബി) ഏ. ആർ
(സി) കെ. ഗോദവർമ്മ (ഡി) ചേലനാട്ട് അച്യുതമേനോൻ

235. കേരളപാണിനീയത്തിൽ പറയുന്ന 'ശബ്ദ'ത്തെ ഭാഷാശാസ്ത്രത്തിലെ ഏത് വിഭാഗത്തിനോടാണ് ഉപമിച്ചിരിക്കാനാവുക?

(എ) സ്വനം (ബി) രൂപിമം
(സി) സ്വനിമം (ഡി) അർത്ഥിമം

236. വാമൊഴിയായി പ്രചാരത്തിലില്ലാത്ത ഭാഷകളാണ് .......................

(എ) അവികസിത ഭാഷകൾ (ബി) അപുഷ്ടഭാഷകൾ
(സി) മൃതഭാഷകൾ (ഡി) സങ്കരഭാഷകൾ

237. വ്യവസ്ഥാപൂർവ്വമായ അപഗ്രഥനത്തിലൂടെ തുലനാത്മക പഠനം നിർവ്വഹിച്ച ആദ്യ പണ്ഡിതൻ

(എ) വില്യം ജോൺസ് (ബി) റസ്മസ് റസ്ക്
(സി) കോർദോ (ഡി) ഫ്രാൻസ് ബോപ്പ്

238. 'സംസ്കൃത ഹിമഗിരി ഗളിതാ ദ്രാവിഡവാണീ

കളിന്ദജാമിളിതാ കേരളഭാഷാ ഗംഗാ' – ഈ മംഗളശ്ലോകത്തിന്റെ കർത്താവ്?

(എ) കോവുണ്ണി നെടുങ്ങാടി (ബി) ഇളംകുളം
(സി) കാൽഡ്വൽ (ഡി) ഗുണ്ടർട്ട്

239. ദ്രാവിഡഗോത്രത്തിൽപ്പെടുന്ന ഭാഷയേത്?

(എ) ഹിന്ദി (ബി) പഞ്ചാബി
(സി) ആസ്സാമീസ് (ഡി) തുളു

240. അർത്ഥവുമായി നേരിട്ടു ബന്ധമില്ലാത്ത പദങ്ങൾക്ക് .................... എന്നു പറയുന്നു.

(എ) യോഗം (ബി) യോഗരൂഢി
(സി) രൂഢി (ഡി) സമരൂപം

241. വാഗർത്ഥബന്ധം യോജിച്ച് കാണുന്ന പദങ്ങൾക്ക് ..................... എന്നു പറയുന്നു.

(എ) രൂഢി (ബി) യോഗം
(സി) യോഗരൂഢി (ഡി) പര്യായം

242. യോഗരൂഢിക്ക് ഉദാഹരണമേത്?

(എ) കാക്ക (ബി) പശു
(സി) കാർവർണൻ (ഡി) കുഹു

243. യോഗരൂഢി അല്ലാത്ത പദമേത്?

(എ) ദശമുഖൻ (ബി) മൃഗരാജൻ
(സി) ദാശരഥി (ഡി) കാക്ക

244. അർത്ഥത്തിന്റെ മൂലകങ്ങളാണ് .....................

(എ) സ്വനിമം (ബി) രൂപിമം
(സി) സ്വനം (ഡി) അർത്ഥമൂലകം

245. അർത്ഥസങ്കോചം സംഭവിച്ച പദമേത്?

(എ) പലഹാരം (ബി) പീഠിക
(സി) കല്യാണം (ഡി) യജമാനൻ

246. അർത്ഥവികാസം സംഭവിച്ച പദമേത്?

(എ) യജമാനൻ (ബി) കല്യാണം
(സി) ഭാഗവതർ (ഡി) പ്രഥമൻ

247. അർത്ഥോത്ക്കർഷം സംഭവിച്ച പദത്തിന് ഉദാഹരണം

(എ) മാടം (ബി) പുച്ഛം
(സി) ഗോഷ്ടി (ഡി) കച്ചവടം

248. ചൂർണിക വാക്യത്തിന്റെ മറ്റൊരു പേര്?

(എ) സങ്കീർണ്ണവാക്യം (ബി) കേവലവാക്യം
(സി) യൗഗികവാക്യം (ഡി) അംഗവാക്യം

249. യൗഗികവാക്യത്തിന്റെ മറ്റൊരു പേര്?

(എ) മഹാവാക്യം (ബി) സങ്കീർണ്ണവാക്യം
(സി) കേവലവാക്യം (ഡി) ചൂർണ്ണിക

250. അർത്ഥാപകർഷം സംഭവിച്ച പദമാണ് ...................

(എ) ഭസ്മം (ബി) പഠനം
(സി) കച്ചവടം (ഡി) സാധു

## ഉത്തരങ്ങൾ

1. ബി
2. എ
3. സി
4. ഡി
5. എ
6. ഡി
7. എ
8. ബി
9. ഡി
10. എ
11. ഡി
12. ബി
13. ഡി
14. ബി
15. എ
16. ബി
17. ഡി
18. എ
19. ബി
20. എ
21. സി
22. ബി
23. എ
24. സി
25. ബി
26. എ
27. ബി
28. ഡി
29. ബി
30. ബി
31. ഡി
32. സി
33. എ
34. എ
35. ബി
36. ഡി
37. സി
38. എ
39. ബി
40. എ
41. സി
42. ബി
43. എ
44. ബി
45. സി
46. ബി
47. എ
48. ബി
49. സി
50. എ
51. ഡി
52. എ
53. ബി
54. ബി
55. ഡി
56. ബി
57. സി
58. എ
59. ബി
60. സി
61. സി
62. ബി
63. എ
64. ബി
65. സി
66. ഡി
67. സി
68. ബി
69. എ
70. സി
71. എ
72. എ

| | |
|---|---|
| 73. | സി |
| 74. | ബി |
| 75. | ബി |
| 76. | സി |
| 77. | ബി |
| 78. | ബി |
| 79. | സി |
| 80. | ഡി |
| 81. | ബി |
| 82. | സി |
| 83. | ബി |
| 84. | സി |
| 85. | എ |
| 86. | ഡി |
| 87. | സി |
| 88. | എ |
| 89. | ഡി |
| 90. | സി |
| 91. | ബി |
| 92. | എ |
| 93. | ഡി |
| 94. | സി |
| 95. | ബി |
| 96. | സി |
| 97. | ബി |
| 98. | ഡി |
| 99. | ബി |
| 100. | ബി |
| 101. | ബി |
| 102. | ഡി |
| 103. | ഡി |
| 104. | ബി |
| 105. | ബി |
| 106. | എ |
| 107. | സി |
| 108. | ബി |
| 109. | സി |
| 110. | സി |
| 111. | ബി |
| 112. | സി |
| 113. | സി |
| 114. | ബി |
| 115. | എ |
| 116. | എ |
| 117. | ബി |
| 118. | എ |
| 119. | ബി |
| 120. | ഡി |
| 121. | എ |
| 122. | എ |
| 123. | ബി |
| 124. | സി |
| 125. | സി |
| 126. | ബി |
| 127. | സി |
| 128. | ബി |
| 129. | എ |
| 130. | ഡി |
| 131. | എ |
| 132. | ഡി |
| 133. | ബി |
| 134. | സി |
| 135. | ബി |
| 136. | എ |
| 137. | ഡി |
| 138. | ബി |
| 139. | സി |
| 140. | ബി |
| 141. | എ |
| 142. | സി |
| 143. | എ |
| 144. | സി |
| 145. | സി |
| 146. | സി |
| 147. | ബി |
| 148. | ഡി |
| 149. | എ |
| 150. | സി |

151. ബി
152. സി
153. എ
154. ബി
155. സി
156. എ
157. ഡി
158. ബി
159. സി
160. ബി
161. സി
162. എ
163. ബി
164. ബി
165. എ
166. ബി
167. ബി
168. സി
169. സി
170. ബി
171. എ
172. സി
173. സി
174. ബി
175. സി
176. എ
177. ബി
178. സി
179. സി
180. ബി
181. ബി
182. ബി
183. സി
184. സി
185. എ
186. എ
187. ബി
188. ഡി
189. സി
190. ബി
191. ബി
192. ഡി
193. ബി
194. സി
195. ബി
196. ബി
197. ഡി
198. എ
199. ബി
200. ഡി
201. സി
202. എ
203. സി
204. ബി
205. ഡി
206. എ
207. ബി
208. സി
209. ബി
210. എ
211. ഡി
212. ബി
213. സി
214. ബി
215. എ
216. എ
217. സി
218. എ
219. ബി
220. എ
221. സി
222. സി
223. ബി
224. സി
225. എ
226. ബി
227. എ
228. ബി

229. എ

230. സി

231. സി

232. ഡി

233. സി

234. എ

235. ബി

236. സി

237. ബി

238. എ

239. ഡി

240. സി

241. ബി

242. സി

243. ഡി

244. ഡി

245. സി

246. എ

247. ഡി

248. ബി

249. എ

250. ഡി

*തയ്യാറാക്കിയത് :*

**ഡോ. ബ്രിൻസി മാത്യു**
**അസിസ്റ്റന്റ് പ്രൊഫസർ**
**ദേവമാതാ കോളേജ്**
**കുറവിലങ്ങാട്, കോട്ടയം**